# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഒക്ടോബർ 13

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

2020 ജൂലൈ എട്ടിന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ ഐ.എം.സി.എ. (2018 അഡ്മിഷൻ റഗുലർ/2017 അഡ്മിഷൻ സപ്ലിമെന്ററി) - മാത്തമാറ്റിക്കൽ ഫൗണ്ടേഷൻസ് ഓഫ് കമ്പ്യൂട്ടർ സയൻസ് എന്ന പേപ്പറിന്റെ പരീക്ഷ ഒക്ടോബർ 20ന് നടക്കും.

(പി.ആർ.ഒ/39/992/2020)

2020 ജൂലൈ എട്ടിന് നടത്താൻ നിശ്ചയിച്ചിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) - മാത്തമാറ്റിക്കൽ ഫൗണ്ടേഷൻസ് ഓഫ് കമ്പ്യൂട്ടർ സയൻസ് എന്ന പേപ്പറിന്റെ പരീക്ഷ ഒക്ടോബർ 20ന് നടക്കും. വിദ്യാർഥികൾ അതത് പരീക്ഷകേന്ദ്രങ്ങളിൽ എത്തണം. പ്രത്യേക പരീക്ഷകേന്ദ്രമില്ല.

(പി.ആർ.ഒ/39/993/2020)

2020 ഫെബ്രുവരി 27ന് നടത്താൻ നിശ്ചയിച്ചിരുന്നതും റദ്ദാക്കിയതുമായ ഏഴാം സെമസ്റ്റർ ബി.എച്ച്.എം. പരീക്ഷയുടെ ഫുഡ് സേഫ്റ്റി ആന്റ് ക്വാളിറ്റി കൺട്രോൾ എന്ന പേപ്പറിന്റെ പരീക്ഷ ഒക്ടോബർ 22ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ നടക്കും. വിദ്യാർഥികൾ അതത് പരീക്ഷകേന്ദ്രങ്ങളിൽ എത്തണം. പ്രത്യേക പരീക്ഷകേന്ദ്രമില്ല.

(പി.ആർ.ഒ/39/994/2020)

## മഹാത്മാഗാന്ധി സർവകലാശാല 63 അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യും

അസിസ്റ്റന്റ് തസ്തികയിലെ 63 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് തീരുമാനം.

ഒക്ടോബർ ഒന്നുവരെയുള്ള 54 വിരമിക്കൽ ഒഴിവുകളും ഒരു നിർബന്ധിത വിരമിക്കൽ ഒഴിവും എട്ട് വിടുതൽ ഒഴിവുകളുമാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുക. പി.എസ്.സി. അസിസ്റ്റന്റ് റാങ്ക് പട്ടിക നിലനിൽക്കുന്നതിനാൽ 63 പേർക്ക് അവസരം ലഭിക്കും. അഫിലിയേറ്റഡ് കോളജുകളിലെയടക്കം ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അധ്യക്ഷനായ സിൻഡിക്കേറ്റ് ഉപസമിതിയെ നിയോഗിച്ചു. കൊച്ചിൻ ശാസ്ത്രസാങ്കേതിക സർവകലാശാലയുമായി ചേർന്ന് സംയുക്ത ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് യോഗം പ്രാഥമിക ചർച്ച നടത്തി.

(പി.ആർ.ഒ/39/995/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ